**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2197** **09-02-2023 - ൽ മറുപടിയ്ക്ക്**

**രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങളുടെ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകളിൽ മാസങ്ങൾ പഴക്കമുള്ള മത്സ്യങ്ങൾ വിപണനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | 'ഓപ്പറേഷൻ മത്സ്യ'യുടെ ഭാഗമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് 2022 **ഏപ്രിൽ മുതൽ ഡിസംബർ** വരെ നടത്തിയ മത്സ്യ പരിശോധനകളിൽ 20,000 കിലോ ഭക്ഷ്യ യോഗ്യമല്ലാത്ത മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യം കേടാകാതിരിക്കാൻ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലബോറട്ടറികളിൽ മത്സ്യ സാമ്പിളുകളുമായി ബന്ധപ്പെട്ട് 1861 മത്സ്യ സാമ്പിളുകൾ പരിശോധിച്ചതിൽ ഒരു സാമ്പിളിൽ ഫോർമാലിന്റെ സാന്നിധ്യം കണ്ടെത്തിയിരുന്നു. |
| (സി) | രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങളുടെ വില്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങളുടെ വില്പന തടയുന്നതിനും, മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി മത്സ്യ പരിശോധനകൾ നടത്തുകയും അവയുടെ സാമ്പിളുകൾ ശേഖരിച്ച് ലാബിൽ അയച്ച് പരിശോധനകൾ നടത്തുകയും ചെയ്ത് വരുന്നു. ഇത്തരം പരിശോധനകളിൽ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം കണ്ടെത്തുന്ന പക്ഷം 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. Central Institute of Fisheries Technology (CIFT) വികസിപ്പിച്ചെടുത്തതും കേന്ദ്ര ഭക്ഷ്യസുരക്ഷാ |

| | | | |
|---|---|---|---|
| | | | അതോറിറ്റി അംഗീകരിച്ചതുമായ അമോണിയ/ ഫോർമാലിൻ കിറ്റ് ഉപയോഗിച്ചും തത്സമയ മത്സ്യ പരിശോധനകൾ നടത്തി വരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിയ്ക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിൽ മത്സ്യങ്ങളിലെ ഫോർമാലിൻ എന്ന രാസവസ്തു പരിശോധിയ്ക്കുന്നതിനായി **HPLC (High Performance Liquid Chromotograph)** എന്ന ഉപകരണം ഉപയോഗിച്ച് വരുന്നു. ഇപ്രകാരം നിരന്തര പരിശോധനകൾ നടത്തിവരുന്നതിനാൽ മത്സ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് സാധിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ